**കേരള സർക്കാർ**

**സംഗ്രഹം**

സർക്കാർ വകുപ്പുകളിൽ പൊതുവായി ഉപയോഗിക്കുന്ന 5 ട്രഷറി ഫോറങ്ങൾ ആംഗലേയ ഭാഷയിലും മലയാളത്തിലും ഇരുപുറങ്ങളിലായി അച്ചടിച്ച് ട്രഷറികളിൽ ഉപയോഗിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ. (സാധാ) നം. 10842/2015/ധന. തീയതി, തിരുവനന്തപുരം 14.12.2015.

പരാമർശം:-1) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 9.6.2015 ലെ സർക്കുലർ നം. 8125/ഔ.ഭാ3/15/ഉഭപവ.

2) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 29.6.2015 ലെ 22427/ഔ.ഭാ3/14/ഉഭപവ. നം. കത്ത്.

3) ട്രഷറി ഡയറക്ടറുടെ 26.09.2015 ലെ എസ്/10006/2010 നമ്പർ കത്ത്.

**ഉത്തരവ്**

ട്രഷറി വകുപ്പിൽ രൂപീകൃതമായി പ്രവർത്തിച്ചുവരുന്ന പരിഭാഷാ സെൽ, സർക്കാർ വകുപ്പുകളിൽ പൊതുവായി ഉപയോഗിക്കുന്ന 5 ട്രഷറി ഫോറങ്ങൾ മലയാളത്തിലേയ്ക്ക് ഭാഷാന്തരീകരണം ചെയ്തിട്ടുണ്ടെന്നും, ഈ ഫോറങ്ങൾ പ്രസ്തുത വകുപ്പ് സൂക്ഷ്മപരിശോധന നടത്തി തിരികെ നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ ഇവ ഇടപാടുകൾക്കായി ട്രഷറികളിൽ ഉപയോഗിക്കുവാൻ അനുമതി നൽകണമെന്നും ട്രഷറി ഡയറക്ടർ പരാമർശം (3) ലെ കത്തിൽ അഭ്യർത്ഥിച്ചിരിക്കുന്നു. റ്റി.ആർ. ഫോറം-59 (സി), 65, 68, 71, ജീവന സാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ്) എന്നിവയാണ് പ്രസ്തുത ഫോറങ്ങൾ.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിൽ പൊതുവായി ഉപയോഗിക്കുന്ന മേൽപ്പറഞ്ഞ 5 ഫോറങ്ങൾ ആംഗലേയ ഭാഷയിലും മലയാളത്തിലും ഇരുപുറങ്ങളിലായി അച്ചടിച്ച് വിവിധ സർക്കാർ വകുപ്പുകളുടേയും പൊതുജനങ്ങളുടേയും സാമ്പത്തിക ഇടപാടുകൾക്കായി ട്രഷറികളിൽ ഉപയോഗിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഫോറങ്ങൾ ട്രഷറിയുടേയും ധനവകുപ്പിന്റേയും സ്പാർക്കിന്റേയും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സുരേഷ്കുമാർ.ഒ.ബി.
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്എസ്.എ.) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്, ഉപ്പളം റോഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ / സബ്ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്
നോഡൽ ഓഫീസർ, www;finance;kerala;gov;in.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.